സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## <u>സംഗ്രഹം</u>

തിരുവിതാംകൂർ ദേവസ്വം ബോർഡ് - പണം കൈകാര്യം ചെയ്യുന്ന വിഭാഗം ജീവനക്കാർക്ക് അനുവദിച്ചുവരുന്ന സ്പെഷ്യൽ അലവൻസ് നിർത്തൽ ചെയ്ത് ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 290/18/Est-I** നന്തൻകോട്, 05/02/2018

---

പരാമർശം :- 1) 17-05-2006 ലെ ROC 4000/06/Est-1 നമ്പർ ഉത്തരവ്.
2) 23-09-2017 ലെ 125/2017(81)/ധന നമ്പർ ഉത്തരവ്.
3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 08-01-2018 ലെ DA 4/18/E-2 നമ്പർ റിപ്പോർട്ട്.

## <u>ഉത്തരവ്</u>

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പണം കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് പരാമർശം 1 ഉത്തരവ് പ്രകാരം സ്പെഷ്യൽ അലവൻസ് നൽകുന്നതിന് അനുവാദമുള്ളതാണ്. പ്രധാനമായും ശമ്പളവിതരണത്തിനായി ബാങ്കിൽ നിന്ന് വൻ തുക പിൻവലിച്ച് കൈകാര്യം ചെയ്യുമ്പോൾ ഉണ്ടാകാനിടയുള്ള റിസ്ക്ക് കണക്കിലെടുത്താണ് ഇത്തരത്തിൽ ഒരു അലവൻസ് ഏർപ്പെടുത്തിയിരുന്നത്.

എന്നാൽ സംസ്ഥാന സർക്കാരിൽ ശമ്പള ബില്ലുകളും കണ്ടിജന്റ് ബില്ലുകളും പണമായി പിൻവലിക്കാതെ നേരിട്ട് ഇടപാടുകാരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഇലക്ട്രോണിക് സംവിധാനം വഴി നേരിട്ട് മാറ്റപ്പെടുന്നതിനാൽ ഇപ്പോൾ വലിയതോതിൽ പണം കൈകാര്യം ചെയ്യുന്നില്ലെന്നും ആയതിനാൽ പണം കൈകാര്യം ചെയ്യുന്ന സെക്ഷനുകളിലെ ജീവനക്കാർക്ക് നിലവിൽ അനുവദിച്ചുവരുന്ന സ്പെഷ്യൽ അലവൻസ് 01-4-2017 മുതൽ നിർത്തലാക്കി പരാമർശം 2 -ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളം തുടങ്ങി എല്ലാ ആനുകൂല്യങ്ങളും കഴിഞ്ഞ മൂന്ന് വർഷത്തിലേറെയായി അതാതു ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകിവരുന്നത്. എന്നാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള പല ആഫീസുകളിലും പണം കൈകാര്യം ചെയ്യുന്ന വിഭാഗം ജീവനക്കാർക്കുള്ള സ്പെഷ്യൽ അലവൻസ് ഇപ്പോഴും ചെലവെഴുതി വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു.

മേൽ പ്രതിപാദിച്ച വസ്തുതകളുടെ പശ്ചാത്തലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ആഫീസുകളിൽ പണം കൈകാര്യം ചെയ്യുന്നതിന് ജീവനക്കാർക്കുള്ള സ്പെഷ്യൽ അലവൻസ് പരാമർശം 2 ലെ സർക്കാർ ഉത്ത

*(മറുപുറം)*

EOP

രവിലെ ക്രമം 01-4-2017 മുതൽ നിർത്തലാക്കിയും അതോടൊപ്പം 01-4-2017 മുതൽ പണം കൈകാര്യം ചെയ്യുന്നതായി ബിൽ സെക്ഷനുകളിലെ ക്ലാർക്കുമാരും ആഫീസുകളിലെ പ്യൂൺ തസ്തികയിലുള്ളവരും പണം കൈകാര്യം ചെയ്യുന്നതിനുള്ള സ്പെഷ്യൽ അലവൻസ് കൈപ്പറ്റിയിട്ടുള്ളപക്ഷം അവ ദേവസ്വം ഫണ്ടിൽ തിരികെ ഒടുക്കുവരുത്തുന്നതിനും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
**സെക്രട്ടറി**

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും -നടപടിക്കായി
2. അക്കൗണ്ട്സ് സെക്ഷൻ, ബോർഡ് ആഫീസ്
3. ഇ.ഡി.പി. സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK